പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3486 · 29.01.2014 ൽ മറുപടിയ്ക്ക്

'കില' യുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി. എ. മാധവൻ | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) 'കില'യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) പ്രാദേശിക ഭരണം ശക്തിപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുകയാണ് മുഖ്യ ഉദ്ദേശ്യം. ഇവ കൂടാതെ പരിശീലനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനായി ഗവേഷണം, പഠനം, കോഴ്സുകൾ എന്നിവയും നടത്തി വരുന്നു. അധികാര വികേന്ദ്രീകര ണത്തെ സംബന്ധിച്ച് ദേശീയ-അന്തർ ദേശീയ ശില്പശാലകൾ, കോൺഫറൻസുകൾ ഉൾപ്പടെയുള്ള വിവിധ ങ്ങളായ പ്രവർത്തനങ്ങൾ നടത്തുക എന്നതും കിലയുടെ പ്രവർത്തന ലക്ഷ്യമാണ്. |
| ബി) ഗ്രാമസഭാംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങളെപ്പറ്റി പരിശീലനം നൽകുന്നതിന് 'കില' പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | ബി) ഉണ്ട്.കഴിഞ്ഞ വർഷം ഗ്രാമസഭാംഗങ്ങളുടെ ഉത്തരവാദിത്വം, ചുമതല എന്നിവയെപ്പറ്റി വിപുലമായ പരിശീലനം നൽകിയിരുന്നു. മൊത്തം 24 ലക്ഷം പേർക്കാണ് പരിശീലനം നൽകിയത്. രണ്ടാം ഘട്ടം എന്ന നിലയിൽ ഗ്രാമസഭ അംഗങ്ങൾക്ക് കുടിവെള്ളം, ശുചിത്വം എന്നീ വിഷയങ്ങൾക്ക് പ്രാമുഖ്യം നൽകി കൊണ്ടുള്ള പരിശീലനം ഈ വർഷം നടത്തി വരുന്നു. ഒരു വാർഡിൽ ചുരുങ്ങിയത് 125 പേർക്കാണ് പരിശീലനം. |
| സി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനവും എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | സി) ജലസംരക്ഷണ പ്രവർത്തനങ്ങളിലും ശുചിത്വ കാര്യത്തിലും ജനങ്ങളെ ബോധവൽക്കരി ക്കുകയാണ് പ്രധാന ലക്ഷ്യം. ഇതിനായി 850 മാസ്റ്റർ ട്രെയിനർമാർക്ക് 'കില' യിൽ |

പരിശീലനം നൽകി. തുടർന്ന് 152 ബ്ലോക്കുകളിലെയും തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർക്ക് പ്രത്യേക പരിശീലനം നൽകുകയുണ്ടായി. പഞ്ചായത്തു തല പരിശീലനം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടത്തിക്കഴിഞ്ഞു. പഞ്ചായത്തുതലത്തിൽ പരിശീലിപ്പിക്കപ്പെട്ട മൂന്ന് സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ വാർഡുകളിൽ പരിശീലനം നടന്നു വരുന്നു. ഓരോ വാർഡിലും കുടി വെള്ളം, ശുചിത്വം എന്നീ വിഷയങ്ങളിൽ പ്രത്യേകമായി കർമ്മസേന രൂപികരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി ആവിഷ്ക്കരിക്കുമ്പോൾ കുടിവെള്ളം, ശുചിത്വ കാര്യങ്ങൾക്കു വേണ്ടിയുള്ള പദ്ധതി ആവിഷ്ക്കരിക്കാൻ സഹായിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഡി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വിശദമാക്കുമോ?

ഡി) ശുചിത്വമിഷൻ, ജലനിധി തുടങ്ങിയ സംവിധാനങ്ങളുടെ പരമാവധി സഹകരണം ഉറപ്പു വരുത്തി. മാസ്റ്റർ ട്രെയിനർമാർ, സന്നദ്ധ പ്രവർത്തകർ, ഗ്രാമസഭാ മെമ്പർമാർ എന്നിവർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക കൈപ്പുസ്തകം തയ്യാറാക്കി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, മുനിസിപ്പൽ ചേംബർ എന്നിവരുടെ യോഗം വിളിച്ചുചേർത്ത് സഹായം ഉറപ്പു വരുത്തിയിരുന്നു. ഡി.പി.സി. ചെയർമാൻ മാരുടെ പ്രത്യേക യോഗം വിളിച്ച് പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്താനുള്ള സംവിധാനവും ഉറപ്പു വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ